SJD/1235/2024-F3

/148901/2024

"ഭരണഭാഷ – മാതൃഭാഷ"

SOCIAL JUSTICE DEPARTMENT

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :05-03-2024
Email -swdkerala@gmail.com
Phone : 0471 – 2306040

## പരിപത്രം

വിഷയം: വാഹനങ്ങൾ ലഭ്യമല്ലാത്ത ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ വാഹനം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന: സാമൂഹ്യനീതി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 06/02/2024 കൂടിയ യോഗത്തിലെ തീരുമാനം.

സാമൂഹ്യനീതി ഡയറക്ടറേറ്റിനു കീഴിലുള്ള 14 ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ ഡ്രൈവർ തസ്തികയുള്ളതും എന്നാൽ നിലവിൽ വാഹനങ്ങൾ ഇല്ലാത്തതുമായ ഓഫീസുകളിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കരാർ അടിസ്ഥാനത്തിൽ ക്വട്ടേഷൻ നടപടി സ്വീകരിച്ച വാഹനം (ഡ്രൈവർ ഒഴികെ) വാടകയ്ക്ക് എടുത്ത് ഉപയോഗിക്കാവുന്നതാണ്.

- ഒരു വർഷത്തേക്ക് വാഹനം കരാർ വ്യവസ്ഥയിൽ വാടകയ്ക്ക് നൽകാൻ താൽപര്യമുള്ള വാഹനം ഉടമ/സ്ഥാപനത്തിൽ നിന്ന് മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിക്കാവുന്നതാണ്.
- 2017 നോ അതിന് ശേഷമോ ഉള്ളതുമായ വാഹനം കരാറിൽ ലഭ്യമാക്കാൻ കഴിയുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ ആയിരിക്കണം ക്വട്ടേഷനിൽ പങ്കെടുക്കേണ്ടത്.
- വാഹനത്തിന്റെ രജിസ്റ്റേർഡ് ഉടമസ്ഥൻ തന്നെയായിരിക്കണം ക്വട്ടേഷനിൽ പങ്കെടുക്കേണ്ടത്.
- വാഹനത്തിന്റെ ഡ്രൈവറെ സാമൂഹ്യനീതി വകുപ്പ് നിയോഗിക്കുന്നതും ഫ്യുവൽ ചാർജ്ജ് വഹിക്കുന്നതുമാണ് വാഹനത്തിന്റെ ഇൻഷ്വറൻസ്, ടാക്സ്, അറ്റകുറ്റപ്പണികൾ സംബന്ധിച്ച ചെലവുകൾ മറ്റ് ചെലവുകൾ എന്നിവ വാഹന ഉടമ തന്നെ വഹിക്കേണ്ടതാണ്.
- വാഹനം കരാറിൽ നല്കുന്നതിനു പ്രതിമാസം ലഭ്യമാക്കുന്ന വാടക 1500 കിലോമീറ്റർ വരെയും, അതിന് ശേഷമുള്ള ഓരോ കിലോമീറ്ററിനും നൽകേണ്ട തുകയും ക്വട്ടേഷനില് വെവ്വേറെ കാണിച്ചിരിക്കണം.
- വാഹനം ഏതെങ്കിലും അറ്റകുറ്റപ്പണികളുടെ ഭാഗമായോ അല്ലാതെയോ പ്രവർത്തന രഹിതമായാൽ വാഹന ഉടമസ്ഥൻ വാഹനം മാറ്റി നൽകേണ്ടതാണ്.
- കൊട്ടേഷൻ അംഗീകരിക്കുന്ന വ്യക്തി/സ്ഥാപനം 200 രൂപ മുദ്രപത്രത്തിൽ ബന്ധപ്പെട്ട ഓഫീസ് തലവനുമായി കരാർ വെക്കേണ്ടതാണ്
- ക്വട്ടേഷൻ നടപടികൾ റദ്ദ് ചെയ്യുന്നതിനും കരാർ അവസാനിപ്പിക്കുന്നതിനും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

മേൽ സൂചിപ്പിച്ചിരിക്കും പ്രകാരമുള്ള നിബന്ധനങ്ങൾക്ക് ഉപരിയായി നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ അംഗീകാരത്തോടെ കരാർ വാഹനം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

/148901/2024

സാമൂഹ്യനീതി ഡയറക്ടർ

Signed by H Dineshan
Date: 05-03-2024 10:14:39